"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്- കെ-ഫോൺ- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2024/ITD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1) 09-01-2020-ലെ സ.ഉ.(കൈ) നം.4/2020/ധന.
2) 12-06-2024-ലെ സ.ഉ.(കൈ) നം.8/2024/ITD.
3) 17-07-2024-ലെ സ.ഉ.(അച്ചടി) നം.57/2024/ധന.
4) 31-08-2024-ലെ സ.ഉ.(അച്ചടി) നം.76/2024/ധന.
5) കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിങ് ഡയറക്ടറുടെ 04-12-2024-ലെ KSITIL/FIN/2024/9602 നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിൽ 16.40 കോടി രൂപയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിനായി ബജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത സ്കീമിന് പരാമർശം (2) പ്രകാരം 16.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

2) എന്നാൽ, പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗനിർദേശങ്ങൾ പ്രകാരം, 2024-25 സാമ്പത്തിക വർഷം 10 കോടി രൂപയിൽ കൂടുതൽ അടങ്കലുള്ള ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത സംബന്ധിച്ച് ചീഫ് സെക്രട്ടറി നേതൃത്വം നൽകുന്ന സമിതി പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ അനിവാര്യത കണക്കിലെടുത്ത് ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. തുടർന്ന്, 15-11-2024-ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പിന്റെ പ്രൊപ്പോസലുകൾ പരിശോധിക്കുകയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിനായി 10.95 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിങ് ഡയറക്ടർ ആവശ്യപ്പെട്ടു.

3) മേൽ സാഹചര്യത്തിൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകുന്നതിനുള്ള സ്കീമിന് (K-FON– Free internet Connectivity to Economically Backward Classes) 10.95 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു. സ്കീമിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഘടകങ്ങൾ | വിശദാംശം |
|---|---|
| പദ്ധതികൊണ്ടുള്ള നേട്ടം | ഡിജിറ്റൽ വിഭജനം കുറയ്ക്കാൻ സഹായിക്കുന്നു. |
| | |

| | |
|---|---|
| പൊതുജനങ്ങൾക്കുള്ള ഗുണഫലം | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാകുന്നു. |
| പദ്ധതിയിലൂടെ സൃഷ്ടിക്കുന്ന വരുമാനം | സർക്കാരിന് നേരിട്ട് വരുമാനം ഉണ്ടാകുന്നില്ല. |
| എന്തെങ്കിലും ആസ്തി രൂപീകരണം നടക്കുന്നുണ്ടോ | ഇല്ല. |
| നിറവേറ്റേണ്ട ലക്ഷ്യം | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രണ്ടര ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാക്കുക. |
| പദ്ധതിയുടെ ഗുണഭോക്താക്കൾ | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾ. |

4) ഈ ആവശ്യത്തിനുള്ള തുക 2852-07-101-99 എന്ന ശീർഷകത്തിൽ നിന്നും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതാണ്:-

i ) പുതുക്കിയ ഭരണാനുമതി തുകയ്ക്ക് അനുസൃതമായി നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവ് പരിമിതപ്പെടുത്തണം.

ii) ആവശ്യത്തിന് അനുസരിച്ച് മാത്രമെ തുക റിലീസ് ചെയ്യുകയുള്ളൂ. റിലീസ് ചെയ്ത തുക ബാങ്കിൽ സൂക്ഷിക്കരുത്.

iii) ടെൻഡർ/ ഇ-ടെൻഡർ ഉൾപ്പെടെയുള്ള ബാധകമായ എല്ലാ നടപടിക്രമങ്ങളും സ്കീം നടപ്പാക്കുമ്പോൾ പാലിക്കേണ്ടതാണ്.

iv) ബാധകമായ എല്ലാ മാർഗനിർദേശങ്ങളും, ചട്ടങ്ങളും, നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കെ-ഫോൺ മാനേജിങ് ഡയറക്ടർ സ്കീം നടപ്പാക്കണം.

v) തുക റിലീസ് ചെയ്യുന്നതിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകളോടൊപ്പം ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ചെലവഴിക്കുന്നതെന്ന കൃത്യമായ വിഭജനം, ഏതെല്ലാം ഘടകങ്ങൾക്കാണ് നിലവിൽ റിലീസ് ചെയ്ത തുക ചെലവഴിച്ചതെന്ന റിപ്പോർട്ടും പരാമർശം (1) പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

vi) നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം തുക റിലീസ് ചെയ്യുന്നതല്ല.

vii) 10.95 കോടി രൂപയെക്കാൾ കൂടുതൽ തുക സ്കീം നടപ്പാക്കുന്നതിന് ആവശ്യമുണ്ടെങ്കിൽ കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിങ് ഡയറക്ടർ ധന പുനർവിനിയോഗത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

5) പരാമർശം 2 ഉത്തരവ് റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

മാനേജിങ് ഡയറക്ടർ, കെ-ഫോൺ ലിമിറ്റഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (സി) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Mahesh. R
സെക്ഷൻ ഓഫീസർ
Date: 06-12-2024 13:20:51